**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3828** **17-03-2025 - ൽ മറുപടിയ്ക്ക്**

**യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ കേരള ആർക്കിടെക്ചർ പദ്ധതിയുടെ കീഴിൽ 'യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം' (യു.എസ്.ഡി.പി.) വികസിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദാക്കാമോ? | (എ) | സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒന്നിലധികം വെബ്സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്തു കൊണ്ട് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ തയ്യാറാക്കുന്നതിനും ഡിജിറ്റൽ ആർക്കിടെക്ചറൽ ചട്ടക്കൂട് സ്ഥാപിക്കുന്നതിനും ഗവൺമെന്റ് എന്റർപ്രൈസ് ആർക്കിടെക്ചർ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>"യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (USDP)" വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാർട്ട് ഗവണ്മെന്റ് (NISG) യെ ചുമതലപ്പെടുത്തുകയും NISG ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 50 സേവനങ്ങളുടെ പഠനം നടത്തി, പഠന റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി.<br>ഡിജിറ്റൽ കേരള ആർക്കിടെക്ചർ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത്, രണ്ടാം ഘട്ട പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട്(DPR) തയ്യാറാക്കുന്നതിനും, യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (USDP) വികസിപ്പിക്കുന്നതിനുള്ള സിസ്റ്റം ഇന്റഗ്രേറ്ററായും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (KUDSIT) -യെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ